"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീ. സിബിൻ രാജൻ - ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.യു) വകുപ്പ്

**സ.ഉ.(സാധാ) നം.495/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/02/2021

പരാമർശം:- 1. 22.08.2019 തീയതിയിലെ സ.ഉ(സാധാ) നം.1817/2019/ത.സ്വ.ഭ.വ

2. മുഖ്യനഗരാസൂത്രകന്റെ 03.01.2021 ലെ TCPCTP/1 531/2020-A3 നമ്പർ കത്ത്.

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 04.12.2020ലെ GE11/A/TPS-72/619നമ്പർ കത്ത്.

ഉത്തരവ്

നഗരഗ്രാമാസൂത്രണ വകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് 24.08.2019 അപരാഹ്നം പ്രാബല്യത്തിൽ തിരുവനന്തപുരം മേഖല നഗരാസൂത്രണ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിക്കുകയും 06/12/2019 മുതൽ കേരള റിയൽ എസ്റ്റേറ്റ് അതോറിറ്റിയിൽ അന്യത്ര സേവനവ്യവസ്ഥയിൽ ഡെപ്യൂട്ടി ഡയറക്ടർ (ടെക്കനിക്കൽ) തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്നതുമായ ശ്രീ. സിബിൻ രാജൻ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം 24.02.2020-ന് അപരാഹ്നം പ്രാബല്യത്തിൽ പൂർത്തിയായിട്ടുള്ളതായും നിരീക്ഷണ കാലയളവിലെ ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ നിലവിലില്ലായെന്നും ടിയാന്റെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2.ടിയാൻ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന അവധി എടുത്തിയിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 24.08.2019 അപരാഹ്നം പ്രാബല്യത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീ. സിബിൻ രാജന്റെ ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ്.&എസ്.എസ്ആർ റൂൾ 20 (ബി) പ്രകാരം 25.02.2020 തീയതി പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീ. സിബിൻ രാജൻ, ഡെപ്യൂട്ടി ടൗൺ പ്ലാനർ.

നഗരഗ്രാമാസൂത്രണ വകുപ്പ്.(മുഖ്യനഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ.തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/28/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ